# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

എമര്‍ജിംഗ് കേരള വ്യവസായ സംരംഭകത്വ പരിപാടി

2204 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എമര്‍ജിംഗ് കേരള വ്യവസായ സംരംഭകത്വ സംഗമം പരിപാടിയ്ക്കുശേഷം സംസ്ഥാനത്ത് പുതിയതായി വ്യവസായ മേഖലയില്‍ എത്ര കോടി രൂപ മുതല്‍മുടക്കുണ്ടായി;

(ബി) പ്രസ്തുത പദ്ധതികള്‍ വഴി പുതിയതായി എത്ര പേര്‍ക്ക് തൊഴില്‍ ലഭിച്ചുവെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

'എമർജിംഗ് കേരള' മുഖാന്തിരം ആരംഭിച്ച പദ്ധതികൾ

2205 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എമർജിംഗ് കേരള' മുഖാന്തിരം എത്ര പദ്ധതികൾക്കാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്നും ഇവ എവിടെയൊക്കെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതികളുടേയും ഇൻവെസ്റ്റ്മെന്റിനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) 'എമർജിംഗ് കേരള'യിലൂടെ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞ പദ്ധതികളും വ്യവസായങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന വ്യവസായ വകുപ്പിന്റെ പദ്ധതികൾ

2206 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

റിയാബ്

2207 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ 2013-14 സാമ്പത്തിക വർഷത്തെ പ്രവർത്തനം റിയാബ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ 2013-14 വർഷത്തെ ലാഭ-നഷ്ട കണക്ക് കമ്പനി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വ്യവസായ യൂണിറ്റുകൾ ആരംഭിക്കാത്തവരുടെ ഭൂമി</u>

2208 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ ആവശ്യങ്ങൾക്കായി സർക്കാർ നല്കിയ ഭൂമിയിൽ നാളിതുവരേയും വ്യവസായ യൂണിറ്റുകൾ ആരംഭിക്കാത്തവരിൽ നിന്നും ഭൂമി തിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര ഭൂമിയാണ് തിരികെ ലഭിക്കേണ്ടതെന്നുള്ള കണക്ക് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വിദേശങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട്
തിരിച്ചുവന്നവർക്കായി പദ്ധതികൾ

2209 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വന്നവർക്കായി വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(ബി) പുതുതായി എന്തെല്ലാം സംരംഭങ്ങളാണ് ഇവർക്കു വേണ്ടി വ്യവസായ വകുപ്പ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2014–ലെ മറുപടിക്ക്

<u>വനിതാ വ്യവസായ സംരംഭകർ</u>

2210 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വനിതാ സംരംഭകർ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ?

(ബി) ഇവർക്ക് പുതിയ വ്യവസായം ആരംഭിക്കാൻ ബാങ്ക് വായ്പയും മാർജിൻമണി ഗ്രാന്റും നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കാസർഗോഡ് നിയോജകമണ്ഡലത്തിൽ ആരംഭിച്ച വ്യവസായ യൂണിറ്റുകൾ

2211 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് മണ്ഡലത്തിൽ ഏതെല്ലാം വ്യവസായ യൂണിറ്റുകൾ സർക്കാർ/സ്വകാര്യ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലാവധി കഴിയുന്നതിനുമുമ്പായി എത്ര വ്യവസായ സംരംഭങ്ങൾ കാസർഗോഡ് മണ്ഡലത്തിൽ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ മിഷൻ 676-ൽ ഉൾപ്പെടുത്തി ഏതെങ്കിലും പദ്ധതികൾ തുടങ്ങാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാസ്ഥാപനങ്ങളിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്</u>

2212 ശ്രീ. എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, എ.റ്റി. ജോർജ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണ നടപടികൾ</u>

2213 ശ്രീ. കെ. കെ. ജയചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ചെന്താമരാക്ഷൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങൾ ഈ സർക്കാർ അധികാരമേറ്റശേഷം കൂടുതൽ തകർച്ച നേരിടുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഫലമായി ഏതെല്ലാം സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾ പൊതുമേഖലാവ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമാകുന്നതായ വാർത്തകളിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ഡി) പൊതുമേഖലാസ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും സുഗമമായ പ്രവർത്തനത്തിനും അതത് മേഖലയിലെ ട്രേഡ് യൂണിയനുമായി ചർച്ച നടത്തുകയുണ്ടായോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും പ്രവർത്തനം തുടങ്ങാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ

2214 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രയെണ്ണം ഇതുവരെയായും പ്രവർത്തനം ആരംഭിക്കാത്തവ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവര്‍ത്തന മികവ്</u>

2215 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവര്‍ത്തന മികവ് വിലയിരുത്താന്‍ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ പദ്ധതി

2216 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) തുടര്‍ച്ചയായി നഷ്ടത്തില്‍ പ്രവര്‍ത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പൂട്ടികിടക്കുന്ന സ്ഥാപനങ്ങള്‍ തുറക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടി നടത്തുന്ന നടപടികള്‍ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>വന്‍കിട വ്യവസായ സംരംഭകള്‍</u>

2217 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം വന്‍കിട വ്യവസായികളെ കേരളത്തിലേക്കു ആകര്‍ഷിക്കുന്നതിനു നടപ്പിലാക്കിയ പദ്ധതികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) എത്ര വന്‍കിട വ്യവസായ പദ്ധതികള്‍ ആരംഭിക്കുന്നതിനുള്ള നടപടികള്‍ പൂര്‍ത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികള്‍ എന്ന് പൂര്‍ത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതി</u>

2218 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഐ.സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>2013-14 വർഷത്തിൽ ലാഭം നേടിയ</u>
<u>പൊതുമേഖലാസ്ഥാപനങ്ങൾ</u>

2219 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2013-14 വർഷത്തിൽ എത്ര പൊതുമേഖലാസ്ഥാപനങ്ങൾ ലാഭം നേടി; ഏതൊക്കെ സ്ഥാപനങ്ങളാണ് ലാഭം നേടിയതെന്നും എത്ര രൂപ വീതമാണ് ലാഭം നേടിയതെന്നും വ്യക്തമാക്കാമോ; നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാസ്ഥാപനങ്ങളുടെ ലയനം</u>

2220 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരേ സ്വഭാവമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന എത്ര പൊതുമേഖലാസ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സമാനമേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥപനങ്ങളുടെ ലയനം സംബന്ധിച്ച് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ</u>

2221 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് വേണ്ട യോഗ്യത സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) റിട്ടയർ ചെയ്തവർ, ചീഫ് എക്സിക്യൂട്ടീവ് സ്ഥാനത്ത് തുടരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

2013-14 ലെ പൊതുമേഖലാ വ്യവസായങ്ങളുടെ പ്രവര്‍ത്തനം

2222 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 സാമ്പത്തിക വര്‍ഷത്തില്‍ പൊതുമേഖലാ വ്യവസായങ്ങളില്‍ ലാഭമുണ്ടാക്കിയവ ഏതെല്ലാമാണ്;

(ബി) നഷ്ടത്തിലുള്ള വ്യവസായങ്ങള്‍ ഉണ്ടോ; എങ്കില്‍ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇവ ലാഭകരമായി നടത്താന്‍ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള പദ്ധതി</u>

2223 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓരോ സെക്ടറിലുമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി മണ്ഡലത്തിൽ വ്യവസായ വികസനത്തിനായി കിൻഫ്രാ പദ്ധതികൾ</u>

2224 ശ്രീ. കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ വ്യവസായവികസനത്തിനായി കിൻഫ്രാ ഏതെങ്കിലും പദ്ധതികളാവിഷ്ക്കരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്ഥലം കണ്ടുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) വാഴക്കാട് ചെരുപ്പു ഫാക്ടറി സ്ഥാപിക്കുന്നതിലേക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>അടിസ്ഥാന സൗകര്യ വികസന ബോർഡ്</u>

2225 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസന ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഗുണനിലവാരമുള്ള മണൽ ലഭ്യമാക്കാൻ നടപടി

T2226 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഗുണമേന്മ കുറഞ്ഞ മണൽ സംസ്ഥാനത്ത് വൻതോതിൽ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു നിയന്ത്രിച്ച് ഗുണനിലവാരമുള്ള മണൽ വിപണിയിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡല പരിധിയിൽ</u>
<u>കരമണൽ ഖനനത്തിനായി അനുമതി</u>

2227 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡല പരിധിയിൽ എത്ര സ്ഥലങ്ങളിൽ കര മണൽ ഖനനത്തിനായി അനുമതി നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

(ബി) കരമണൽ ഖനനത്തിനായി അനുമതി നൽകുമ്പോൾ എന്തെല്ലാം നിബന്ധനകളാണ് അനുമതി പത്രത്തിൽ നിഷ്കർഷിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിബന്ധനകൾ ഖനനത്തിന് അനുമതി നേടിവർ പാലിക്കുന്നുണ്ടോയെന്ന് പരിശോധന നടത്താറുണ്ടോ;

(ഡി) ഖനനാനുമതി നൽകുമ്പോൾ ഓരോ ദിവസവം എത്ര ഖനമീറ്റർ മണൽ ഖനനം ചെയ്യുന്നതിനാണ് അനുമതി നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ; ഇതനുസരിച്ചാണോ ഖനനം നടത്തുന്നത് എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ഇ) മണൽ ഖനനത്തിനായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് മുൻപ് മറ്റേതെങ്കിലും ഏജൻസിയുടെ അനുമതി വാങ്ങേണ്ടതുണ്ടോ; എങ്കിൽ എത് ഏജൻസിയുടേതാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കൈത്തറി മേഖലയിലെ പ്രവർത്തനം</u>

2228 ശ്രീ. ഇ. പി. ജയരാജൻ
'' സി. കൃഷ്ണൻ
'' കെ. കെ. നാരായണൻ
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാർക്കറ്റുകളുടെ അഭിരുചിക്കനുസരിച്ച് കൈത്തറി മേഖലയിൽ ഡിസൈനുകളും മറ്റും തയ്യാറാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കൈത്തറി മേഖലയിൽ ആവശ്യമായ തരത്തിൽ പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നുണ്ട് എന്ന് കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) വിദേശ മാർക്കറ്റുകളിലടക്കം യഥേഷ്ടം വിറ്റഴിക്കപ്പെട്ടിരുന്ന സംസ്ഥാനത്തിന്റെ കൈത്തറി തുണിത്തരങ്ങൾക്ക് മർക്കറ്റ് നഷ്ടമാകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ കൂടി കൈത്തറിമേഖലയുടെ തകർച്ചയ്ക്ക് കാരണമായതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'കൈത്തറിഗ്രാമം' പദ്ധതി</u>

T2229 ശ്രീ. കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'കൈത്തറി ഗ്രാമം' പദ്ധതിയുടെ നടത്തിപ്പ് പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനത്തിന് സമയം നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) പദ്ധതി പൂർത്തിയാക്കുന്നതിന് കൂടുതൽ തുക ആവശ്യമായി വന്നാൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014–ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ കൈത്തറി നെയ്ത്ത് തൊഴിലാളി സംഘങ്ങൾ

2230 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തകർന്നുകിടക്കുന്ന കൈത്തറി നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര കൈത്തറി നെയ്ത്ത് തൊഴിലാളിസംഘങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ പ്രവർത്തനക്ഷമമായവ എത്രയെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രവർത്തനം നിലച്ച സംഘങ്ങൾ എത്രയുണ്ടെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രവർത്തനം നിലച്ചുകിടക്കുന്ന സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കോട്ടയം ടെക്സ്റ്റയിൽസിലെ പ്രതിസന്ധി</u>

2231 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റയിൽസിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും മിൽ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ ശമ്പളവർദ്ധനവ് കാലോചിതമായി പുനർ നിർണ്ണയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കോട്ടയം ടെക്സ്റ്റയിൽസിൽ ടെക്സ്റ്റയിൽ ടെക്നോളജി പഠനത്തിനായി പുതിയ കോളേജ് തുടങ്ങുന്നകാര്യം പരിഗണിക്കുമോ;

(ഡി) ടെക്സ്റ്റയിൽ ടെക്നോളജി മേഖലയിൽ നിലവിലുള്ള സാങ്കേതികവിദഗ്ധരുടെ കുറവ് പരിഹരിക്കുന്നതിന് കൂടുതൽ ടെക്സ്റ്റയിൽ ടെക്നോളജി കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഓൺലൈനായി നൽകിവരുന്ന സർക്കാർ സേവനങ്ങൾ

2232 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആയി നൽകുവാൻ തുടങ്ങിയപ്പോൾ കാലതാമസം ഉണ്ടാകുന്നുവെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയ്ക്ക് അക്ഷയ സെന്ററുകൾ കൂടുതൽ തുക ഈടാക്കുന്നതായുള്ള ആക്ഷേപം പരിഹരിക്കുവാൻ ശ്രമിക്കുമോ;

(ബി) ഇനി ഏതെല്ലാം സേവനങ്ങളാണ് ഓൺലൈൻ ആയി നൽകുവാൻ ഉദ്ദേശിക്കുന്നത്; ഇപ്പോൾ എത്ര സേവനങ്ങൾ ഓൺലൈൻ ആയി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഐ. റ്റി. കമ്പനികൾ സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ

2233 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
'' പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രമുഖ തൊഴിൽദാതാക്കളിൽ ഐ.റ്റി. കമ്പനികളുടെ പങ്ക് എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.റ്റി. കമ്പനികൾ മുഖാന്തിരം സംസ്ഥാനത്ത് ഇതിനോടകം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു ; വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം തൊഴിൽ നൽകുന്ന കാര്യത്തിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന കമ്പനികൾ ഏതെല്ലാമാണ് ;

(ഡി) ആഗോള തലത്തിലുള്ള സാമ്പത്തിക മാന്ദ്യം കേരളത്തിൽ പ്രവർത്തിക്കുന്ന ഐ.റ്റി. കമ്പനികളുടെ വികസന പദ്ധതികൾക്ക് ഏതെങ്കിലും വിധത്തിലുള്ള തിരിച്ചടി ഉണ്ടാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഐ.റ്റി. പാര്‍ക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം

2234 ശ്രീ. റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍
'' പി.സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ.റ്റി. കയറ്റുമതിയില്‍ മുന്‍വര്‍ഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം വരുമാന വര്‍ദ്ധനവ് ഉണ്ടായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വര്‍ഷം ഈ രംഗത്ത് എത്ര ശതമാനം വര്‍ദ്ധനവ് പ്രതീക്ഷിക്കുന്നു ;

(സി) ഐ.റ്റി. കയറ്റുമതി രംഗത്ത് കേരളത്തില്‍ പ്രമുഖ സ്ഥാനം വഹിക്കുന്ന ഐ.റ്റി. കമ്പനികള്‍ ഏതെല്ലാമാണ് ;

(ഡി) സംസ്ഥാനത്തെ ഐ.റ്റി. പാര്‍ക്കുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങള്‍ കണക്കിലെടുത്താല്‍ പ്രസ്തുത കമ്പനികള്‍ക്ക് കൂടുതല്‍ നിക്ഷേപം നടത്താനുള്ള സാഹചര്യമുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) ഈ മേഖലയിലുള്ള കൂടുതല്‍ നിക്ഷേപ സാധ്യതകള്‍ കണക്കിലെടുത്ത് ഐ.റ്റി. പാര്‍ക്കുകളുടെ വികസന പ്രവര്‍ത്തനങ്ങള്‍ ത്വരിതപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ഐ. ടി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്വയം സംരംഭക പദ്ധതി</u>

2235 ശ്രീ. ആർ. സെൽവരാജ്
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്വയം സംരംഭക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) തൊഴിലന്വേഷകരായ വിദ്യാർത്ഥികളെയും യുവജനങ്ങളേയും തൊഴിലുടമകളായി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ബഡ്ജറ്റിന്റെ നിശ്ചിത ശതമാനം പ്രസ്തുത പദ്ധതിക്കായി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികളുടെ പ്രചാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ടെക്നോളജി ഇന്നവേഷന്‍ സോണ്‍</u>

2236 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, ജോസഫ് വാഴക്കന്‍
,, ആര്‍. സെല്‍വരാജ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടെക്നോളജി ഇന്നവേഷന്‍ സോണ്‍ സ്ഥാപിക്കാന്‍ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കില്‍ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) സ്റ്റാര്‍ട്ട് അപ് സംരംഭങ്ങള്‍ കുടുതല്‍ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഇ-പെയ്മെന്റ് ഗേറ്റ്‌വേ</u>

2237 ശ്രീ. സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-പെയ്മെന്റ് ഗേറ്റ്‌വേ നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈനായി അടയ്ക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനം</u>

2238 ശ്രീ. ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) സർക്കാർ സേവനങ്ങൾ നേരിട്ട് ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ റിലയൻസിന്റെ ഇന്റർനെറ്റ് കണക്ഷൻ</u>

T2239 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. സത്യൻ
'' കെ. കുഞ്ഞിരാമൻ (ഉദുമ)
'' കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആപ്പീസുകളിലെ ഇന്റർനെറ്റ് കണക്ഷൻ റിലയൻസ് ജിയോ ഇൻഫോകോമിന്റെ ഒപ്റ്റിക്കൽ കേബിൾ വഴി സ്ഥാപിക്കാൻ റിലയൻസുമായി ധാരണയിലെത്തിയിട്ടുണ്ടോ ; റിലയൻസിന്റെ എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ അംഗീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ആപ്പീസുകൾക്ക് പുറമെ, മറ്റേതെല്ലാം സ്ഥാപനങ്ങൾക്ക് കണക്ഷൻ നൽകാനാണ് റിലയൻസുമായി ധാരണയിലായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) റിലയൻസ് ജിയോ ഇൻഫോകോമിന്റെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സംസ്ഥാനത്തെങ്ങും സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്ന് വെളിപ്പെടുത്തുമോ ; ഇതിനകം എത്ര കി.മീറ്റർ ദൂരത്തിൽ സ്ഥാപിക്കുവാൻ അനുമതി നൽകി;

(ഡി) റിലയൻസ് ഇന്റർനെറ്റ് കണക്ഷൻ തേടുന്നതിനുള്ള നിരക്കുകൾ തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടോ ;

(ഡി) റിലയൻസ് കേബിൾ ശൃംഖല സംസ്ഥാനത്തെങ്ങും വരുന്ന മുറയ്ക്ക് സർക്കാർ ആപ്പീസുകളിൽ നിലവിലുള്ള ബി.എസ്.എൻ.എൽ. കണക്ഷനുകൾ ഇല്ലാതാക്കാനുദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>ഐ.ടി വികസനത്തിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന കമ്പനികൾക്കുള്ള സൗകര്യങ്ങൾ</u>

2240 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക സാമ്പത്തിക മേഖലയിൽ ഐ.ടി മേഖലയ്ക്കു വേണ്ടി അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി മുന്നോട്ട് വരുന്ന സ്ഥാപനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐ.ടി കെട്ടിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും ഒരുക്കുന്നതിന് സർക്കാർ ചെലവഴിച്ച മൊത്തം തുകക്ക് അനുസൃതമായി നേരിട്ടുള്ള വരുമാനം കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) ചെലവഴിക്കപ്പെട്ട തുകയും ഇതുവരെ ലഭിച്ച വരുമാനവും അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ</u>

2241

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വെളിയം ടെക്നോ ലോഡ്ജ്

2242 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളിയം ടെക്നോലോഡ്ജ് കെട്ടിടം വെളിയം ഗ്രാമപഞ്ചായത്തിന് തിരികെ നൽകുന്നതിനുള്ള നിവേദനത്തിൽ (നം.792/എ2/14 ഐ.ടി.ഡി) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ടെക്നോലോഡ്ജിൽ സംരംഭകരെ എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സംവിധാനത്തിൽ വ്യവസായ വകുപ്പിന്റെ മറ്റേതെങ്കിലും സംരംഭങ്ങൾ തുടങ്ങാൻ സാധിക്കുമോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

തിരുവനന്തപുരത്ത് ടെക്നോസിറ്റിക്കു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി

2243 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ടെക്നോസിറ്റിക്കു വേണ്ടി എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും എന്നാണ് ഏറ്റെടുത്തതെന്നും എത്ര രൂപ ചെലവായെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിനായി ബാങ്ക് ലോൺ എടുത്തിട്ടുണ്ടോയെന്നും എങ്കിൽ ഏത് ബാങ്കാണെന്നും വ്യക്തമാക്കുമോ ;

(സി) ലോണിന്റെ പലിശ എത്രയാണെന്നും പലിശയിനത്തിൽ എത്ര രൂപ തിരിച്ചടച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) ലോണിന്റെ മുതൽ തുക തിരിച്ചടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവിടെ എത്ര കമ്പനികൾക്ക് സ്ഥലം കൈമാറിയിട്ടുണ്ടെന്നും ഏതൊക്കെ തീയതികളിലാണ് കൈമാറിയതെന്നും വ്യക്തമാക്കുമോ ;

(എഫ്) ഇതിൽ ഏതെല്ലാം കമ്പനികൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ജി) പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ എന്ന് പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.06.2014–ലെ മറുപടിക്ക്

കൊരട്ടി ഇൻഫോ പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

2244 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഇൻഫോ പാർക്കിന്റെ നവീകരണ പ്രവർത്തങ്ങൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) ഇതിനായി കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

എരമം കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന ''കണ്ണൂർ സൈബർ പാർക്ക്''

2245 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിൽ എരമം കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന ''കണ്ണൂർ സൈബർ പാർക്ക്'' നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

മാവേലിക്കരയിൽ മിനി ഐ.റ്റി പാർക്ക്

2246 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മിനി ഐ.ടി. പാർക്ക് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിൽ മാവേലിക്കരയിൽ ഒരു മിനി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>രണ്ടാംഘട്ട ഗ്യാസ് ലൈൻ പദ്ധതിയും മഞ്ചേരി ഫയർസ്റ്റേഷൻ നിർമ്മാണവും</u>

T2247 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാംഘട്ട ഗ്യാസ് ലൈൻ പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുപ്പ് ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) മഞ്ചേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ഗ്യാസ് ലൈൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പ് പ്രക്രിയ പ്രയാസം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗെയിലിന് പകരം സ്ഥലം നൽകി മഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കോമൺവെൽത്ത് കമ്പനിയുടെ സ്ഥലം ഏറ്റെടുക്കൽ</u>

2248 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറയ്ക്ക് സമീപമുള്ള കോമൺവെൽത്ത് കമ്പനിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങല്‍ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങള്‍</u>

2249 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അക്ഷയ കേന്ദ്രങ്ങള്‍ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(ബി) ആറ്റിങ്ങല്‍ നിയോജക മണ്ഡലത്തില്‍ 2013 ഏപ്രില്‍ മുതല്‍ ഇതുവരെ എത്ര അക്ഷയ കേന്ദ്രങ്ങള്‍ അനുവദിച്ചിരുന്നുവെന്നും അതെവിടെയെല്ലാമാണെന്നും അനുവദിച്ച കേന്ദ്രങ്ങളില്‍ ഏതെല്ലാമാണ് പ്രവര്‍ത്തനമാരംഭിച്ചതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

അക്ഷയ സെന്ററുകളെ കോമൺ സർവ്വീസ് കേന്ദ്രങ്ങളായി മാറ്റുന്നത് സംബന്ധിച്ച്

2250 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയസെന്ററുകളെ കേന്ദ്ര സർക്കാർ കോമൺ സർവ്വീസ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിരുന്നോ;

(ബി) കോമൺ സർവ്വീസ് കേന്ദ്രമെന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും അക്ഷയ സെന്ററുകൾക്ക് എത്ര രൂപ വിഹിതമായി അനുവദിച്ചു;

(സി) പ്രസ്തുത വിഹിതം അക്ഷയ സെന്ററുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കേരളാ സോപ്സിന്റെ കൺവെൻഷൻ സെന്റർ</u>

2251 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗാന്ധിറോഡിൽ കേരളാ സോപ്സിന്റെ അധീനതയിലുള്ള സ്ഥലത്ത് അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ 'ഇൻകെല്ലി'ന്റെ സഹായത്തോടെ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി 'നാളികേര പാർക്ക്'</u>

2252 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത 'നാളികേര പാർക്ക്' എപ്പോൾ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>മൺപാത്ര തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി</u>

2253 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൺപാത്ര തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കളിമണ്ണിന്റെ ലഭ്യതക്കുറവു പരിഹരിക്കുന്നതിനായി മണ്ണ് ഖനനം ചെയ്യുന്നതിന് ഇപ്പോഴുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇറക്കുമതി ചെയ്യുന്ന കളിമണ്ണിന് പ്രത്യേക ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സ്ത്രീ തൊഴിലാളികളുൾപ്പെടെ അസംഘടിതരും സാമുദായികമായി കുലത്തൊഴിൽ ചെയ്യുന്നതുമായ മൺപാത്ര തൊഴിലാളികൾക്ക് ക്ഷേമനിധിയും, പെൻഷനും, പ്രത്യേക സംവരണവും ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?